**പ്രമേയം**

ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മപരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.